


# കോട്ടപ്പുറം ചന്ത

## കോട്ടപ്പുറം ചന്തയുടെ പുനരുജ്ജീവന പദ്ധതി


ബെന്നി കുര്യാക്കോസ്
ലക്ഷ്മി പി ബാബു
ഐഷാ സാദിക്ക്
പല്ലവി സി നാഥ്
സത്യ എസ്



മുസിരിസ് പൈതൃക പദ്ധതി
കേരള സർക്കാർ



# കോട്ടപ്പുറം ചന്ത

കോട്ടപ്പുറം ചന്തയുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതി


ബെന്നി കുര്യാക്കോസ്

ലക്ഷ്മി പി ബാബു

ഐഷാ സാദിക്ക്

പല്ലവി സി നാഥ്

സത്യ എസ്



മുസിരിസ് പൈതൃക പദ്ധതി

കേരള സർക്കാർ

First Edition 2010 For free distribution

**Kottappuram Chantha** (*Malayalam*)

Development Plan for the revitalisation of Kottappuram Market as part of Muziris Heritage Project

Prepared by: Benny Kuriakose, Lakshmi P Babu, Ayeesha Sadique
Pallavi C Nath, Satya S

Translation, Editing : B Prasad

Design : Priyaranjanlal

Illustration: Gopu Pattithara

Production: Subin K Subhash

Published by Rubin DCruz, Director, Kerala State Institute of Children's Literature,
Thiruvananthapuram, Kerala 695034 on behalf of Muziris Heritage Project.

All rights reserved. No part of this book may be reproduced or used in any form or by any means — graphic, electronic or mechanical — without the prior written permission of the publisher.

Printed at Varna Press, Ernakulam

# ഉള്ളടക്കം


09 കോട്ടപ്പുറം ചന്ത

11 കോട്ടപ്പുറം ചന്തയും പട്ടണവും

17 വാസ്തുവിദ്യാ മൂല്യനിർണയം

20 പ്രശ്നങ്ങൾ

25 ട്രാഫിക്കും പാർക്കിംഗും

28 പൊതു നിർദേശങ്ങൾ




പ്രോജക്റ്റ് കൺസൾട്ടന്റ്

**ബെന്നി കുര്യാക്കോസ്**

മുഖ്യസംഘം

ലക്ഷ്മി പി ബാബു
ഐഷാ സാദിക്ക്
പല്ലവി സി നാഥ്
രംഗസ്വാമി എസ്
ശ്രുതി ധർ
അശ്വതി ദിലീപ്
സത്യ എസ്

ഫീൽഡ് സർവെ

രാഹുൽ
ടോണി
രമ പി ആർ
ധന്യ പി വി
ശരണ്യാ ചന്ദ്രൻ
നാസിയാമോൾ എം എസ്

ഡ്രാഫ്റ്റിംഗ്

രംഗസ്വാമി എസ്
രമ പി ആർ
ധന്യ പി വി
ശരണ്യാ ചന്ദ്രൻ
നാസിയാമോൾ എം എസ്

ഫോട്ടോ

ബെന്നി കുര്യാക്കോസ്
ലക്ഷ്മി പി ബാബു
ഐഷാ സാദിക്ക്
സത്യ എസ്
ശ്രുതി ധർ
അശ്വതി ദിലീപ്

സ്കെച്ചുകൾ

റിജേഷ് കെ



# ആമുഖം



നൂറ്റാണ്ടുകളുടെ പഴക്കമുള്ള മഹത്തായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ പിൻമുറക്കാരാണ് മലയാളികൾ. ഈ പൈതൃക സമ്പത്ത് കാത്തു സൂക്ഷിക്കുന്നതിന്റെ ഭാഗമായി നമ്മുടെ നാടും ജനങ്ങളുടെ ജീവിതശൈലിയും പൂർവകാലങ്ങളിൽ എങ്ങനെയായിരിക്കുന്നുവെന്ന് വരും തലമുറയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. മുസിരിസ് എന്ന പേരിൽ കേൾവികേട്ട, മധ്യ കേരളത്തിലെ കൊടുങ്ങല്ലൂർ പട്ടണത്തിലും സമീപ പ്രദേശങ്ങളിലും സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഒരു നാഗരികത നിലനിന്നിരുന്നു എന്ന് നമുക്കറിയാം. അടുത്തകാലത്ത് ഈ പ്രദേശങ്ങളിൽ ഊർജ്ജിതമായി നടന്നു വരുന്ന ഉദ്ഖനനങ്ങളിൽ നിന്ന് ഇതിന് ഉപോത്ബലകമായ കൂടുതൽ തെളിവുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ അവസരത്തിലാണ് മുസിരിസിന്റെ ഗതകാല പ്രൗഢിയുടെ ശേഷിപ്പുകൾ സംരക്ഷിക്കുവാനും അവയെക്കുറിച്ച് വരും തലമുറയ്ക്ക് വിജ്ഞാനം പകരാനുമായി മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി എന്ന പേരിൽ ഒരു വിദ്യാഭ്യാസ-പൈതൃക സംരക്ഷണ - വിനോദ സഞ്ചാര പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി നിരവധി സ്മാരകങ്ങളും കോട്ടകളും കൊട്ടാരങ്ങളും ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളും സംരക്ഷിക്കാനും പുനരുദ്ധരിക്കാനും ഒപ്പം സന്ദർശകർക്ക് കേരള ചരിത്രത്തിന്റെ ഒരു നേർചിത്രം ലഭിക്കുവാൻ ഒട്ടേറെ മ്യൂസിയങ്ങളൊരുക്കുവാനും ഉദ്ദേശമുണ്ട്. പെരിയാറിന്റെ തീരത്ത് പോർച്ചുഗീസുകാർ നിർമിച്ച്, ഒട്ടേറെ വൈദേശികാക്രമണങ്ങൾ നേരിടേണ്ടി വന്ന കോട്ടപ്പുറം കോട്ട, സമീപത്തുള്ള, ഒരു കാലത്ത് വിദേശ വ്യാപാരത്തിന്റെ സിരാകേന്ദ്രമായിരുന്ന കോട്ടപ്പുറം ചന്ത എന്നിവ ഇക്കൂട്ടത്തിൽപെടുന്നു. ടിപ്പുവിന്റെ പടയോട്ടത്തിൽ ഏറെക്കുറെ പൂർണമായി തകർന്ന കോട്ടപ്പുറം കോട്ട പ്രദേശത്ത് പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ ഉദ്ഖനനങ്ങൾ പുരോഗമിക്കുകയാണ്. കോട്ടപ്പുറം ചന്തയാകട്ടെ, പൂർവ പ്രതാപത്തിന്റെ അലകളടങ്ങി, ചൈതന്യം നഷ്ടപ്പെട്ട്, ജീർണത ബാധിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലും.

മുസിരിസ് പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം ചന്തയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണ് ഈ പുസ്തകത്തിലുള്ളത്. പദ്ധതിയെക്കുറിച്ച് കടയുടമകൾക്കും നാട്ടുകാർക്കും തൊഴിലാളികൾക്കുമുള്ള സ്വാഭാവികമായ ആശങ്കകൾ അകറ്റാനും പദ്ധതി നിർദേശങ്ങൾ പൊതു ചർച്ചയ്ക്ക് വിധേയമാക്കാനും അഭിപ്രായ രൂപീകരണം ഉണ്ടാക്കുവാനുമായിട്ടാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പുസ്തക രൂപത്തിൽ ഇത് പ്രസിദ്ധീകരിക്കുന്നത്. ഈ പുസ്തകത്തിന്റെ നിർമാണത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ അഭിവാദ്യങ്ങൾ. കോട്ടപ്പുറം നിവാസികൾക്കായി ഈ പുസ്തകം സമർപ്പിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

തിരുവനന്തപുരം
3-4-2010

**കോടിയേരി ബാലകൃഷ്ണൻ**
ആഭ്യന്തര-ടൂറിസം വകുപ്പ് മന്ത്രി

# കോട്ടപ്പുറം ചന്ത



ബെന്നി കുര്യാക്കോസ്



# 1

# കോട്ടപ്പുറം ചന്ത

**ആമുഖം**

കേരളീയവും വൈദേശികവുമായ മുദ്രകൾ പേറിനിൽക്കുന്ന കച്ചവടകേന്ദ്രമാണ് കോട്ടപ്പുറം ചന്ത. കേരളീയ വാസ്തുവിദ്യാ രീതിക്കൊപ്പം, കച്ചവടത്തിനായി വന്ന് ഇവിടം കീഴടക്കിവാണ പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ശൈലികളും കൂടിച്ചേർന്ന് ഏറെ പെരുമയോടെ വളർന്നു പന്തലിച്ച ചന്തയായിരുന്നു ഇത്. പ്രതാപകാലത്തിന്റെ അലകൾ, തെരുവോരങ്ങളിൽ നിന്നും ഇപ്പോഴും വായിച്ചെടുക്കാം. വലിപ്പത്തിലും രൂപഭംഗിയിലുമൊക്കെ പിൽക്കാലത്തുണ്ടായ വികസനം ചന്തയുടെ സ്വാഭാവികത്തനിമയോട് നീതി പുലർത്തിയില്ല. ചന്തയുടെ പൊതുസ്വഭാവം അതിവേഗം മാഞ്ഞുപോകാൻ ഇത് ഇടയാക്കി.

**പ്രദേശത്തിന്റെ പ്രാധാന്യം**

കോട്ടപ്പുറം ചന്ത ഇന്ന് ഒരു മൊത്തക്കച്ചവട കേന്ദ്രമാണ്. ആദ്യകാലങ്ങളിൽ കർഷകരും കൈത്തൊഴിലുകാരും തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഇവിടെ എത്തിയിരുന്നു. പിന്നീട് കോട്ടപ്പുറത്തെ പറവൂരുമായി ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലങ്ങൾ വന്നു. പാലം വരുന്നതിന് മുമ്പ് മുഖ്യമായും ചെറുകിട കച്ചവടമായിരുന്നു ചന്തയിൽ നടന്നിരുന്നത്. വടക്കൻ പറവൂർ, എറണാകുളം എന്നിവിടങ്ങളിലേക്ക് കോട്ടപ്പുറം ജെട്ടിയിൽ നിന്ന് ബോട്ട് സർവീസ് ഉണ്ടായിരുന്നത് ചന്തയുടെ വളർച്ചയ്ക്ക് വലിയ പ്രോത്സാഹനമായിരുന്നു. പുതിയ പാലങ്ങൾ വന്നതോടെ ജലയാത്രയ്ക്ക് പ്രാധാന്യം കുറഞ്ഞു. അത് ചെറുകിട വ്യാപാരത്തെ പ്രതികൂലമായി

ചന്തയിലൂടെയുള്ള ഓണാഘോഷ ഘോഷയാത്ര.



# കോട്ടപ്പുറം ചന്ത




കോട്ടപ്പുറം ചന്തയുടെ സ്ഥാനം

ബാധിച്ചു. ചെറുകിട കച്ചവടക്കാർ മൊത്ത കച്ചവടത്തിലേക്ക് ചുവടുമാറ്റി.

### സ്ഥാനം

തൃശൂർ ജില്ലയിൽ ദേശീയപാത 17 ന് വളരെ അടുത്താണ് കോട്ടപ്പുറം സ്ഥിതി ചെയ്യുന്നത്. പണ്ടുകാലങ്ങളിൽ കച്ചവടവും ഗതാഗതവും ജലപാതയെ ആശ്രയിച്ചാണ് നടന്നിരുന്നത്. ജലപാതയുടെ സമീപ്യം തന്നെയാണ് കോട്ടപ്പുറം ചന്തയുടെ വളർച്ചക്ക് പിന്നിൽ.

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ചന്തകളിൽ ഒന്നാണ് കോട്ടപ്പുറം ചന്ത. കൊടുങ്ങല്ലൂർ, പറവൂർ, ഗോതുരുത്ത്, കോട്ടപ്പുറം എന്നിവിടങ്ങളിലെ ജനങ്ങൾ ഒത്തുകൂടിയിരുന്നത് ഇവിടെയാണ്. സമീപത്തുള്ള ചെറിയ ചന്തകളിൽ നിന്നുള്ള കച്ചവടക്കാർ ഇവിടെ വന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ട് പോകുമായിരുന്നു.

### ലക്ഷ്യം

കോട്ടപ്പുറം ചന്തയുടെ പുനരുദ്ധാരണ **പദ്ധതി**യുടെ രൂപരേഖയാണിത്. നാട്ടുകാരുടെ സഹകരണത്തോടെ താഴെപ്പറയുന്ന പ്രവർത്തനങ്ങളിലൂടെ **പദ്ധതി** നടപ്പിലാക്കുകയാണ് ലക്ഷ്യം.

- സമ്പന്നമായിരുന്ന പൂർവകാല സംസ്കൃതിയുടെ നഷ്ടപ്പെട്ട ഭാഗങ്ങൾ വീണ്ടെടുക്കുക.
- പ്രദേശവാസികളുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ വളർച്ചയും പ്രദേശത്തിന്റെ മുഖമുദ്രയായിരുന്ന സാംസ്കാരിക വൈവിധ്യവും പ്രോത്സാഹിപ്പിക്കുക.
- നാട്ടുകാരുടെ സഹകരണത്തോടെ ചന്തയുടെ സാമ്പത്തിക പുനരുദ്ധാരണവും ടൂറിസം വികസനവും പ്രോത്സാഹിപ്പിക്കുക.
- നാട്ടുകാർക്കും സഞ്ചാരികൾക്കും പ്രയോജനപ്പെടുംവിധം ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുക.
- ഗുണപരമായ മാറ്റങ്ങൾ വരുത്തി പ്രദേശത്തിന്റെ തനിമ വീണ്ടെടുക്കുക.
- പൊതുസ്വഭാവവുമായി പൊരുത്തപ്പെടും വിധം പ്രദേശത്തെ പുതിയ കെട്ടിടങ്ങളുടെ രൂപഘടനയിൽ മാറ്റം വരുത്തുക.
- തെരുവ് ദൃശ്യങ്ങൾക്കും പരിസ്ഥിതി പ്രാധാന്യത്തിനും മുൻഗണന നല്കി, സന്ദർശകർക്ക് ചന്തയുടെ തനതായ ഒരനുഭവം പ്രദാനം ചെയ്യുക.

# 2

# കോട്ടപ്പുറം ചന്തയും പട്ടണവും

**ചരിത്രവും വികസനവും**

കൊച്ചി രാജാവായിരുന്ന ശക്തൻ തമ്പുരാന്റെ ഭരണകാലത്ത്, 1790 കളിലാണ് കോട്ടപ്പുറം ചന്ത സ്ഥാപിച്ചത്. കാളവണ്ടികളും ചങ്ങാടങ്ങളും മാത്രമായിരുന്നു അക്കാലത്തെ പ്രധാന കടത്തുമാർഗങ്ങൾ, ലോറികളും ബസുകളുമൊന്നും നിരത്തിൽ വന്നിരുന്നില്ല, പക്ഷേ ഇരുനില ബോട്ടുകൾ സർവീസ് നടത്തിയിരുന്നു.

കോട്ടപ്പുറം ചന്തയ്ക്കു സമീപം രണ്ട് ബോട്ടുജെട്ടികൾ ഉണ്ടായിരുന്നു. പ്രാദേശിക സഞ്ചാരം നടത്തുന്ന ചെറുവള്ളങ്ങൾ അടുത്തിരുന്നത് കപ്പോളയ്ക്ക് മുന്നിലുള്ള ജെട്ടിയിലാണ്. എറണാകുളം മുതലായ ദീർഘദൂര സ്ഥലങ്ങളിലേക്കുള്ള വള്ളക്കടവ് ചന്തയ്ക്ക് തെക്കു കിഴക്ക് വിജയൻ തോടിന് സമീപമാണ്. കപ്പോളയ്ക്ക് മുമ്പിലുള്ള കടവിൽ മുമ്പ് 18 പടികളുണ്ടായിരുന്നു. ഇപ്പോൾ നാല് പടികളേ ഉള്ളൂ. നദിയിലേക്ക് മണ്ണിട്ടുനികത്തി ഇവിടം വീതി കൂട്ടിയിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്ത് വക കെട്ടിടം നിൽക്കുന്നിടത്ത് മുമ്പ് ഇതേ വലിപ്പത്തിൽ ഓടിട്ട മേൽക്കൂരകൾ ഉണ്ടായിരുന്നു. തൂണുകളിലാണ് കൂര ഉറപ്പിച്ചിരുന്നത്.

നെഹ്രു ട്രോഫി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ ജലോത്സവമാണ് കോട്ടപ്പുറം വള്ളംകളി. ഓണാഘോഷങ്ങ

കോട്ടപ്പുറം വള്ളംകളി





കപ്പോളത്തെരുവ്

ളുടെ ഭാഗമായി ബോട്ട്ക്ലബാണ് വള്ളംകളി സംഘടിപ്പിക്കുന്നത്. ഓണത്തോടനുബന്ധിച്ച് മറ്റ് ആഘോഷ പരിപാടികളും ക്ലബിന്റെ നേതൃത്വത്തിൽ നടക്കാറുണ്ട്. തീരത്തിനടുത്ത് ബോട്ടുകൾ കൂട്ടിക്കെട്ടി ഉണ്ടാക്കുന്ന താൽക്കാലിക വേദിയിലാണ് പരിപാടികൾ അരങ്ങേറിയിരുന്നത്. നദീതീരം മണ്ണിട്ട് നികത്തി വീതി കൂട്ടിയതോടെ ഇപ്പോൾ വേദിയൊരുക്കുന്നത് അവിടെയാണ്. വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റും ഇവിടെയാണ്. വള്ളംകളിയോടനുബന്ധിച്ച് പള്ളിത്തെരുവിലൂടെ ഘോഷയാത്രയും നടത്താറുണ്ട്.

### പഠനത്തിന്റെ സമീപനം

തുടർച്ചയായ പ്രക്രിയകളിലൂടെ, ചന്തയെക്കുറിച്ച് വിശദമായ പഠനം നടത്തിയതിനുശേഷ



മാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള മുൻഗണനകൾ നിശ്ചയിച്ചത്.

- ചന്തയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും രൂപരേഖ തയ്യാറാക്കൽ.
- ഓരോ കടയുടെയും തെരുവിന്റെയും വാസ്തുവിദ്യാ സ്വഭാവം മെച്ചപ്പെടുത്തുന്നതിന് ചെയ്യേണ്ട പ്രവർത്തനങ്ങൾ.
- തെരുവിന്റെ ഭൂപടം, ഉടമസ്ഥതയുടെ സ്വഭാവം, കെട്ടിടങ്ങളുടെ വാസ്തുവിദ്യാഗുണം, ഓരോ കെട്ടിടത്തിന്റെയും പ്രവർത്തനം, സ്വഭാവം എന്നിവയുടെ മാപ്പ് തയ്യാറാക്കൽ.
- കെട്ടിടങ്ങൾക്കുള്ള കുഴപ്പങ്ങൾ തിട്ടപ്പെടുത്തുക, അറ്റകുറ്റപ്പണികൾ നിർദേശിക്കുക, കടയുടമകളുമായും വാടകക്കാരുമായും അഭിമുഖം നടത്തി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ.
- ചന്ത ദിവസങ്ങളിലും അല്ലാത്ത ദിവസങ്ങളിലും ഉള്ള പ്രവർത്തനങ്ങൾ, തെരുവ് കാഴ്ചകൾ, ഓരോ കെട്ടിടത്തിന്റെയും വിശദാംശങ്ങൾ തുടങ്ങിയവയുടെ ദൃശ്യരേഖ തയ്യാറാക്കുക, ചന്തയ്ക്കുള്ളിലെ വിവിധ പ്രവർത്തനങ്ങളുടെ വിശദമായ പഠനം, പരിഹാര നിർദേശങ്ങൾ.
- കെട്ടിടത്തിന്റെ ഫോട്ടോ കൾ, സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ, നിലവിലുള്ള പ്ലാൻ തുടങ്ങിയവ ഉൾക്കൊള്ളിച്ച് വിശദമായ രേഖ തയ്യാറാക്കൽ.

തെരുവുകളുടെ ചരിത്രം, പ്രശ്നങ്ങൾ, വാസ്തുവിദ്യാ പഠനം, ഇപ്പോഴുള്ള പ്രവർത്തനങ്ങൾ, ചന്ത വികസിക്കുന്നതോടൊപ്പം ഉണ്ടാകേണ്ട വികസന പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രതിപാദിക്കുന്ന ചന്തയുടെ പുനരുദ്ധാരണ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽപ്പെടും.

## ചന്ത ദിവസങ്ങളിലും മറ്റ് ദിവസങ്ങളിലും വിവിധ സ്ഥലങ്ങളിലെ പ്രവർത്തന മാതൃക.

തിങ്കൾ, വ്യാഴം എന്നീ ചന്ത ദിവസങ്ങളിൽ സമീപ പ്രദേശങ്ങളിൽ നിന്നുള്ള കച്ചവടക്കാർ, വാഹനങ്ങൾ എന്നിവയാൽ ചന്തയിൽ തിരക്കേറും. അടുത്ത ദിവസങ്ങളിൽ ശുചീകരണ പ്രവർത്തകർ എത്തി മാലിന്യങ്ങൾ നീക്കി ഇവിടം വൃത്തിയാക്കും. ചന്ത തുടങ്ങുന്നതിന് മുമ്പ് പച്ചക്കറികൾ കയറ്റിയ വാഹനങ്ങൾ എത്തും. ഒപ്പം ചായക്കടകളും പ്രവർത്തനമാരംഭിക്കും. ചന്ത ഇല്ലാത്ത ദിവസങ്ങളിൽ ഇവിടം ഏറെക്കുറെ വിജനവും ശൂന്യവുമാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് സമാനമായി ഓരോ സ്ഥലത്തും വിവിധ സമയങ്ങളിലുള്ള ക്രിയകൾ, ചന്ത ദിവസമാണോ അല്ലയോ എന്ന വേർതിരിവില്ലാതെ ആഴത്തിൽ വിലയിരുത്തുകയുണ്ടായി. ചന്തയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കുവാൻ ഇത് സഹായകരമായി.

### പ്രദേശത്തെ ടൂറിസം സാധ്യതകൾ

കോട്ടപ്പുറം കോട്ട നേരിൽ കാണാനും പ്രദേശത്തിന്റെ പരമ്പരാഗത പ്രൗഢി അനുഭവിച്ചറിയാനും എത്തുന്ന സഞ്ചാരികൾക്ക് ആദ്യാനുഭവം നല്കുന്നത് കോട്ടപ്പുറം ചന്തയാണ്. ദിവസവും രാവിലെതന്നെ

ചന്ത ദിവസമുള്ള കാഴ്ച



# കോട്ടപ്പുറം ചന്ത



ചരിഞ്ഞ കൂരയുള്ള കെട്ടിടങ്ങളുടെ തുടർനിര - ചന്തയുടെ മുഖമുദ്രകളിലൊന്ന്

തുടങ്ങുന്ന ചന്ത, അതിന്റെ എല്ലാ സ്വാഭാവികതയോടും കൂടി സഞ്ചാരികൾക്ക് മുന്നിൽ തുറന്നുകാട്ടാനായാൽ അവർക്ക് അതൊരു വേറിട്ട അനുഭവമാകും. സഞ്ചാരികൾക്ക് ആവശ്യമായ വാർത്താവിനിമയ കേന്ദ്രങ്ങൾ, താമസ സൗകര്യങ്ങൾ, റെസ്റ്റോറന്റുകൾ, എ ടി എമ്മുകൾ തുടങ്ങിയവ ഒരുക്കണം. മിക്ക കെട്ടിടങ്ങളിലും ഒഴിഞ്ഞു കിടക്കുന്ന മുറികൾ ഈ ആവശ്യങ്ങൾക്കായി വിനിയോഗിക്കാനാകും. കോട്ടപ്പുറം തനിമയുള്ള വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, ആഭരണങ്ങൾ, സുവനീറുകൾ, കയർ ഉത്പന്നങ്ങൾ, ചെമ്പ് - വെങ്കലസാമഗ്രികൾ മുതലായവ ഉൾക്കൊള്ളിച്ച് ഒരു കട കൂടി ഒരുക്കിയാൽ സഞ്ചാരികൾക്ക് ഈ പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകം അനുഭവിച്ചറിയാൻ അവസരമാകും.

## കോട്ടപ്പുറം ചന്തയിലെ ഭൂ ഉപയോഗക്രമം

കടകൾക്കും മറ്റ് കച്ചവട സ്ഥാപനങ്ങൾക്കുമായാണ് ചന്തയിലെ ഭൂരിപക്ഷം സ്ഥലവും ഉപയോഗിച്ചിരിക്കുന്നത്. ജൂമാ മസ്ജിദും കപ്പോളയും പള്ളിയുമാണ് പ്രധാന മതസ്ഥാപനങ്ങൾ. വ്യവസായ സ്ഥാപനങ്ങൾ എന്നു വിളിക്കാവുന്നത് രണ്ട് വെൽഡിംഗ് കടകളെ മാത്രമാണ്. ഒരു വായനശാലയും പോസ്റ്റ് ഓഫീസും എച്ച് ഡി എഫ് സി ബാങ്കുമാണ് പൊതുജന സേവന സ്ഥാപനങ്ങളായി ഇവിടെ പ്രവർത്തിക്കുന്നത്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി-വ്യവസായി സംഘടനാ ഓഫീസ്, തൊഴിലാളി സംഘടനാ ഓഫീസ്, ബോട്ട് ക്ലബ്ബ് ഓഫീസ് തുടങ്ങിയവയെയാണ് ഭരണ സ്ഥാപനങ്ങളുടെ ഗണത്തിൽപെടുത്താവുന്നത്.

## കെട്ടിടങ്ങളുടെ കാലപ്പഴക്കം

പത്തു വർഷം മുതൽ നൂറ്റി അൻപതു വർഷംവരെ പഴക്കമുള്ള കെട്ടിടങ്ങളാണ് കോട്ടപ്പുറം ചന്തയിലുള്ളത്. ഇതിൽത്തന്നെ ഇരുപതു മുതൽ നാൽപ്പത് വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങളാണ് കൂടുതൽ. തൊട്ടുപിന്നിൽ നാൽപ്പത് മുതൽ അറുപത് വർഷം പഴക്കമുള്ള കെട്ടിടങ്ങളാണ്.

പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അവിടെ പുതിയ കോൺക്രീറ്റ് കെട്ടിടങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ പുതിയ

ചന്തയിലെ പഴയ കെട്ടിടങ്ങളിലൊന്ന്



കെട്ടിടങ്ങളൊന്നും പ്രദേശത്തെ പൈതൃകവുമായി പൊരുത്തപ്പെടുന്നവയല്ല.

ശർക്കരയുടെ മൊത്ത കച്ചവടമുള്ള 133ാം നമ്പർ കെട്ടിടമാണ് ഏറ്റവും പഴക്കമുള്ളത്. തടികൊണ്ട് നിർമിച്ച ഭിത്തികളുള്ള ഈ കടയെ, ആധുനികവത്ക്കരണ പ്രവണത ബാധിച്ചിട്ടില്ല. കടയുടെ വരാന്തയ്ക്ക് മുകളിലായി തടിത്തൂണുകൾ താങ്ങുന്ന തട്ട് കാണാം.

### കടകളുടെ ഉപയോഗം

ചന്ത ദിവസങ്ങളായ തിങ്കളും വ്യാഴവും മാത്രമാണ് ഇവിടം സജീവമാകുന്നത്. കൂടുതൽ കച്ചവടം നടക്കുന്നതും ഈ രണ്ട് ദിവസങ്ങളിലാണ്. ചില കടകൾ കച്ചവട ദിവസം മാത്രമേ തുറക്കുകയുള്ളൂ. ഏകദേശം 22 ശതമാനം കടകളും ഇത്തരത്തിലുള്ളതാണ്.

പച്ചക്കറിക്കടകളും മൊത്തക്കച്ചവട കടകളും ചന്ത ദിവസങ്ങളിൽ മാത്രമേ തുറക്കാറുള്ളൂ. സ്റ്റേഷനറി, പരിപ്പ് വർഗങ്ങൾ വിൽക്കുന്ന കടകൾ, പലചരക്ക് കടകൾ എന്നിവ ഉൾപ്പെടെ 39 ശതമാനം കടകൾ ദിവസവും തുറക്കുന്നു.

ചന്തയിലെ 20 ശതമാനം കടകളും മൊത്തക്കച്ചവടക്കാരുടെ ഗോഡൗണുകളാണ്. ഇവ തുറക്കുന്നതിന് പ്രത്യേകിച്ച് സമയക്രമമില്ല. സാധനങ്ങൾ കൊണ്ടുവരുമ്പോഴോ പുറത്തേക്കെടുക്കുമ്പോഴോ മാത്രമാണ് അവ തുറക്കാറ്.

കമ്പോളത്തിലെ ഒട്ടനവധി കടകൾ (ഏകദേശം 17 ശതമാനം) ഒഴിഞ്ഞു കിടക്കുകയാണ്. സ്ഥിരമായി ഉപയോഗത്തിലില്ലാത്ത ഇവ നാശോന്മുഖമായ അവസ്ഥയിലാണ്. വേണ്ടത്ര അറ്റകുറ്റപ്പണികളും നടത്താറില്ല. ഇവ റെസ്റ്റോറന്റുകൾ, ഇന്റർനെറ്റ് കഫെകൾ, ചായക്കടകൾ, കരകൗശല വസ്തുക്കൾ വിൽക്കുന്ന കടകൾ തുടങ്ങിയവയായി മാറ്റിയെടുക്കാവുന്നതാണ്.

### ജനസേവന കേന്ദ്രങ്ങൾ

വായനശാല, എച്ച് ഡി എഫ് സി ബാങ്കിന്റെ ശാഖ, പോസ്റ്റോഫീസ്, ടെലിഫോൺ ബൂത്ത് തുടങ്ങിയവയാണ് ഇവിടുത്തെ ജനസേവന കേന്ദ്രങ്ങൾ. മീൻചന്തക്കു സമീപമുള്ള ചന്തക്കവലയിൽ ഒരു പൊതു മൂത്രപ്പുരയുണ്ട്. കൂരയും ചുമരുകളും പൊട്ടിപ്പൊളിഞ്ഞ്, വെള്ളം ഒലിച്ചിറങ്ങുന്ന ശോചനീയമായ അവസ്ഥയിലാണ് ഇത്. സ്ത്രീകൾക്കായി പ്രത്യേക മൂത്രപ്പുര ഇല്ല. ഒരു അങ്ങാടിക്കടയും ആയുർവേദ ചികിത്സാലയവും പ്രവർത്തിക്കുന്നുണ്ട്.

### നഗരക്കാഴ്ച

തടിയിൽ തീർത്ത നിരപ്പലകകൾ, തൂണുകൾ, ചിത്രപ്പണികളുള്ള ജാളികളും കൈവരികളും, ചരിഞ്ഞ കൂര തുടങ്ങിയവയാണ് കെട്ടിടങ്ങളുടെ പ്രധാന ആകർഷകങ്ങൾ. വിശാലമായ വരാന്തയും പൊക്കമുള്ള അടിസ്ഥാനവുമെല്ലാം ആളുകൾ ഒത്തുചേരുവാനുള്ള വേദിയാകുന്നു. നടപ്പാതകളിലേക്ക് നിർമാണം വ്യാപിപ്പിച്ച് അവിടം കെട്ടിടത്തിന്റെയും കച്ചവടത്തിന്റെയും ഭാഗമാക്കുക എന്ന രീതി പുതുതായി കെട്ടിടം പണിയുന്നവർ സ്വീകരിച്ചുവ

വായനശാല




രുന്നതായി കാണാം. ഇങ്ങനെ കൈവശ പ്പെടുത്തിയ സ്ഥലങ്ങൾ ആസ്ബറ്റോസ് അല്ലെങ്കിൽ തകരഷീറ്റുകൾ കൊണ്ട് മേഞ്ഞെടുക്കുന്നതായും കണ്ടുവരുന്നു.

ആധുനികവത്ക്കരണത്തിന്റെ ഫലമായി തെരുവിന്റെ സ്വാഭാവിക ഭംഗിയുമായി കൂടി ച്ചേരാത്ത പുതിയ കെട്ടിടങ്ങളുണ്ടായി. മുൻവശത്തെ കാഴ്ചയിൽ മാത്രമല്ല, ഉന്നതി യിലും മുമ്പുണ്ടായിരുന്ന കെട്ടിടനിരയെ അതിക്രമിച്ചു നിൽക്കുകയാണ് ഇവ.

1980 മുതൽ കോട്ടപ്പുറം ചന്തയ്ക്ക് ധ്രുത ഗതിയിലുള്ള മാറ്റത്തിന്റെയും ദീർഘവീക്ഷ ണമില്ലാത്ത വികസനത്തിന്റെയും കാലമാണ്. വീതി കുറവായിരുന്ന നദീതടം വീതി കൂട്ടാ നായി നദിയിലേക്ക് കൽക്കെട്ട് ഇറക്കികെട്ടി. മുമ്പ് നദിയിൽ നിന്നും കപ്പോളയിലേക്ക് 18 പടികളുണ്ടായിരുന്നത് ഇപ്പോൾ അത് നാലായി കുറഞ്ഞു. എത്രത്തോളം ഭാഗം മണ്ണിട്ട് നികത്തി എന്ന് ഇതിൽ നിന്നും ഊഹി ക്കാവുന്നതേയുള്ളൂ.

## നാട്ടുകാരുടെയും തൊഴിലാളികളുടെയും അഭിപ്രായം

- രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുക യാണ് ഈ പ്രദേശം. ദിവസേന തടസ്സമി ല്ലാതെ കുടിവെള്ളം ലഭിക്കണമെന്ന തീവ്ര മായ ആവശ്യമാണ് നാട്ടുകാർക്കുള്ളതെന്ന് സർവെയിൽ വ്യക്തമായി.
- വേണ്ടത്ര ശുചിത്വമില്ലാത്ത മൂത്രപ്പുര, ഒരു തവണ ഉപയോഗിക്കുന്നതിന് നാലു രൂപാ വച്ച് നല്കേണ്ടി വരുന്നത് അന്യായവും അംഗീകരിക്കാനാവാത്തതുമാണെന്നാണ് ചുമട്ടുതൊഴിലാളികളുടെ അഭിപ്രായം.
- അടഞ്ഞുകിടക്കുന്ന കടകളുടെ വരാന്തയി ലിരുന്ന് ക്രയവിക്രയം ചെയ്യുന്ന ചെറുകിട കച്ചവടക്കാർ മഴ സമയത്ത് അനുഭവി ക്കേണ്ടി വരുന്ന ദുരിതങ്ങൾ വിവരിച്ചു.
- വേണ്ടത്ര യാത്രാസൗകര്യമില്ലാത്തത് പ്രദേ ശവാസികൾക്കും തൊഴിലാളികൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി മനസ്സി ലായി.
- ചന്തയിൽ കൂടുതൽ പേർക്ക് ഭക്ഷണം കഴിക്കാവുന്ന ഭക്ഷണശാല വേണമെന്ന ആവശ്യം തൊഴിലാളികൾ ഉന്നയിച്ചു.
- പുലർച്ചെ 3 മണി മുതൽ കച്ചവടം തുട ങ്ങുമെന്നതിനാൽ തെരുവ് വിളക്കുകൾ ഇല്ലാത്തതും ഉള്ള വിളക്കുകൾ കത്താ ത്തതും ദുരിതമുണ്ടാക്കുന്നതായി കച്ചവട ക്കാർ അഭിപ്രായപ്പെട്ടു.



# 3


# വാസ്തുവിദ്യാ മൂല്യനിർണയം



പരമ്പരാഗത നിർമാണ രീതികളായ ചരിഞ്ഞ മേൽക്കൂര, തുടർച്ചയായ വരാന്ത, നിരപ്പലക വാതിലുകൾ, അലങ്കാരത്തലകളുള്ള തൂണുകൾ, സവിശേഷമായ പാരപ്പെറ്റുകൾ, തട്ടുപടി തുടങ്ങിയവയാൽ സമ്പന്നമാണ് കെട്ടിടങ്ങൾ മിക്കവയും. 1950കളുടെ അവസാനം വരെ ഓലമേഞ്ഞ കൂരകളുണ്ടായിരുന്നു. പിന്നീട് അവ ഓടിട്ട കൂരകൾക്ക് വഴിമാറി.

### ചരിഞ്ഞ കൂരകൾ

മേച്ചിലോടുകൾ, തടികൊണ്ടുള്ള കഴുക്കോൽ, പട്ടികകൾ, ഉത്തരങ്ങൾ എന്നിവ കൊണ്ടാണ് പഴയ കെട്ടിടങ്ങൾ നിർമിച്ചിരിക്കുന്നത്. പരമ്പരാഗത രീതിയിൽ പണി ചെയ്ത കെട്ടിടങ്ങളിൽ മുഖപ്പ് കാണാം. ഒരു മട്ടച്ചുവരിന് മുകളിൽ ഒരു ബാഹ്യകോണ ചുമര് ചേർത്താണ് ഇവ നിർമിക്കുന്നത്.



## കോട്ടപ്പുറം ചന്ത



ഇടത്ത്: നിരപ്പലക വാതിലുള്ള കട. വലത്തേ കടയിൽ നിരപ്പലക വാതിൽ മാറ്റി റോളിംഗ് ഷട്ടർ പിടിപ്പിച്ചിരിക്കുന്നു.

### വരാന്ത


പഴയകാല കെട്ടിടങ്ങളുടെ പ്രധാന സവിശേഷതകളിലൊന്നാണ് വിശാലമായ വരാന്ത. ആളുകൾക്ക് സമ്മേളിക്കാനും സംവദിക്കാനും അതുവഴി സാമൂഹ്യബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുവാനുമുള്ള ഇടം എന്ന നിലയിൽ വരാന്തയ്ക്ക് വളരെ പ്രധാനപ്പെട്ടതാണ്. ഇരുനില കെട്ടിടങ്ങളിൽ മുകളിലെ നിലയിലും വരാന്ത കാണാം.

### നിരപ്പലകകൾ

പഴയ കെട്ടിടങ്ങളുടെ മുൻവാതിൽ നിരപ്പലകകൾ കൊണ്ടാണ് അടച്ചിരുന്നത്. നിരപ്പലകകൾ രണ്ട് വിധമുണ്ട്; ഒന്നിനോടൊന്ന് ചേർത്തുവയ്ക്കാവുന്ന ഇനവും പലതായി മടക്കാവുന്ന ഇനവും. പലകകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഓടാമ്പൽ എന്ന നീളൻ കമ്പിയും ഉണ്ടാകും. ഇപ്പോൾ നിരപ്പലകൾക്ക് പകരം റോളിംഗ് ഷട്ടറുകളാണ് ഉപയോഗിക്കുന്നത്.

### ജനാലകൾ


പല ഇനത്തിലും പല തരത്തിലുമുള്ള ഉള്ള ഒട്ടേറെ ജനാലകൾ കാണാം. പാളികൾ പൂർണമായും തടികൊണ്ട് ഉണ്ടാക്കിയവയോ, തടി ഫ്രെയിമിൽ നിറമുള്ളതോ അല്ലാത്തതോ ആയ ഗ്ലാസ് ഉറപ്പിച്ചതോ ആയ ജനാലകളാണ് പൊതുവേ ഉള്ളത്.



പാളികൾ തടികൊണ്ട് ഉണ്ടാക്കിയ ജനാല

### നിറം

ചുമരുകൾക്കും തൂണുകൾക്കും നല്കിയിരുന്ന നിറം കെട്ടിടത്തിന്റെ സൗന്ദര്യത്തിന് മാറ്റ് കൂട്ടും വിധമായിരുന്നു. പഴയ കെട്ടിടങ്ങളുടെ ഭിത്തിക്ക് വെള്ള നിറമോ ഇളംമഞ്ഞ നിറമോ ആണ്. തൂണുകൾക്കും ചതുരത്തൂണുകൾക്കും വെള്ള നിറവും അരികുകൾക്ക് കടും നീല നിറവുമാണ് പൊതുവേ കൊടുത്ത്



വരാന്തയിലെ കൈവരിയിലുള്ള ഡിസൈനുകൾ

കാണുന്നത്.

### പാരപ്പെറ്റ് ഭിത്തികൾ / അഴികൾ

ഇരുനില കെട്ടിടത്തിന്റെ വരാന്തയ്ക്ക് അരുകിലുള്ള കൈവരിയിൽ പലതരത്തിലുള്ള ഡിസൈനുകൾ കാണാം.

### ചതുരത്തൂണുകൾ, കോട്ടത്തലപ്പുകൾ

പല കെട്ടിടങ്ങളുടെയും മുഖപ്പിൽ കോട്ടത്തലപ്പുകളും അർധഭിത്തി തൂണുകളുമുണ്ട്.

## പുതിയ വികസന പ്രവർത്തനങ്ങൾ ചന്തത്തെരുവിന് ഉണ്ടാക്കുന്ന സമ്മർദങ്ങൾ

### ചന്തത്തെരുവിന്റെ ഭംഗിയും കെട്ടിട നിരയും

പട്ടണത്തിന്റെ പൂർവകാല സംവിധാനം ഇടവഴികൾ വഴി വേർതിരിച്ചിട്ടുള്ള ചാരുതയാർന്ന കെട്ടിടക്കൂട്ടങ്ങളാൽ സമ്പന്നമായിരുന്നു. എന്നാൽ പുതിയതായി പണിത പല കെട്ടിടങ്ങളും തെരുവിന്റെ പൊതുസ്വഭാവത്തോടും ഏകാത്മകതയോടും ഇണങ്ങുന്നില്ല.

### പുതിയ കെട്ടിടങ്ങൾ

പ്രദേശത്തിന്റെ പൊതു സ്വഭാവവുമായി പൊരുത്തപ്പെടാത്ത, നിരപ്പായ കോൺക്രീറ്റ് മേൽത്തട്ടുകളോടുകൂടിയ കെട്ടിടങ്ങളാണ് പുതിയ കെട്ടിടങ്ങളിൽ അധികവും. അതുകൊണ്ടുതന്നെ അവ വേറിട്ട് നിൽക്കുന്നു.



കോട്ടത്തലപ്പുകളും അർധ ഭിത്തി തൂണുകളുമുള്ള ഒരു കെട്ടിടം

കെട്ടിടങ്ങളുടെ സമാന്തര ഒഴുക്കിന് ഇവ തടയിടുന്നു. കോട്ടത്തലപ്പുകൾക്ക് മുകളിലായി തടി കൊണ്ടോ കോൺക്രീറ്റ് ജാളികൾ കൊണ്ടോ നിർമിച്ച വെന്റിലേറ്ററുകളും കാണാം.

തകരഷീറ്റുകളോ ആസ്ബസ്റ്റോസ് ഷീറ്റുകളോ ഇട്ട്, റോളിംഗ് ഷട്ടറുകൾ പിടിപ്പിച്ച്, കടുംനിറം പെയിന്റ് ചെയ്ത് മോടി കൂട്ടുന്ന കടകളുടെ മുൻഭാഗങ്ങളും പഴയവയുമായി പൊരുത്തപ്പെടുന്നില്ല.

# 4

# പ്രശ്നങ്ങൾ

**താൽക്കാലിക ഷെഡുകൾ**

ചന്ത ദിവസങ്ങളിൽ തുറസ്സായ ചന്തമുറ്റത്ത് താൽക്കാലിക ഷെഡുകൾ കെട്ടി ഉയർത്തും. ഇവയ്ക്കുള്ളിൽ കച്ചവടം നടത്തുവരുടെ എണ്ണം വളരെ കൂടുതലാണ്. പച്ചക്കറികൾ, ഉണക്കമീൻ, കുട്ട, കയർ, പഴം തുടങ്ങിയവ വിൽക്കുന്നവരാണ് ഇവരിൽ അധികവും.

ചന്തദിവസങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന താൽക്കാലിക ചായക്കടകളും കുറവല്ല. വേണ്ടത്ര മറവില്ലാതെയാണ് ഇവർ കച്ചവടം നടത്തുന്നത്. മഴ വന്നാൽ ഇവർക്ക് നനയുകയല്ലാതെ മറ്റ് വഴികളൊന്നുമില്ല.



അടഞ്ഞു കിടക്കുന്ന കടകളുടെ വരാന്തയാണ് ഇപ്പോൾ ഇവരുടെ അഭയ കേന്ദ്രം.

**കടകളുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ**

നൂറു വർഷത്തിലേറെ പഴക്കമുള്ളതും അഞ്ചു വർഷത്തിൽ താഴെ മാത്രം പ്രായമുള്ളതുമായ കെട്ടിടങ്ങൾ ചന്തയിലുണ്ട്. പഴയ കെട്ടിടങ്ങളിൽ മിക്കവയും ചോർച്ച, വിള്ളൽ, ഈർപ്പം, ചിതലിന്റെ ആക്രമണം തുടങ്ങിയ പ്രശ്നങ്ങളാൽ ബലക്ഷയം സംഭവിച്ച അവസ്ഥയിലാണ്. പഴക്കവ്യത്യാസമില്ലാതെ ഒട്ടുമിക്ക കെട്ടിടങ്ങളെയും ഇത്തരം ക്ഷതങ്ങൾ ബാധിച്ചു തുടങ്ങിയിരിക്കുന്നു. ചോർച്ചയും ഈർപ്പവുമാണ് പുതിയ കെട്ടിടങ്ങൾ നേരിടുന്ന വെല്ലുവിളി. നിർമാണത്തിലെ അപര്യാപ്തതകളാണ് ഇതിന് കാരണം.

മിക്ക കെട്ടിടങ്ങളുടെയും പൂശൽ പൊട്ടുകയോ അടർന്നു പോകുകയോ ചെയ്തിട്ടുണ്ട്. പൂശൽ പൊട്ടി സ്ലാബിന്റെ കമ്പികൾ വെളിയിൽ കാണാവുന്ന അവസ്ഥയും കുറവല്ല. കെട്ടിടം എപ്പോൾ വേണമെങ്കിലും നിലം

പതിക്കാമെന്നും അത് തങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്നുമുള്ള ഭയപ്പാടിലാണ് കച്ചവടക്കാരും കടയുടമകളും. കവലയിലുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെയും വായനശാലാ കെട്ടിടത്തിന്റെയും അവസ്ഥയും ഇങ്ങനെതന്നെ.

പരമ്പരാഗത കേരളീയ ശൈലിയിൽ നിർമിച്ച തടി മച്ചുള്ള മിക്ക കെട്ടിടങ്ങളിലും മച്ച് ചിതലരിച്ചു തുടങ്ങിയിട്ടുണ്ട്. അവയിലെ തടിത്തൂണുകളും എപ്പോൾ വേണമെങ്കിലും നിലംപതിക്കാം. പല കെട്ടിടങ്ങളുടെയും കോൺക്രീറ്റ് തറ പൊളിഞ്ഞുകിടക്കുകയാണ്.

സ്ഥിരമായി ഉപയോഗത്തിലില്ലാത്ത കെട്ടിടങ്ങളുടെ ഒന്നാം നില വേണ്ടത്ര സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ലാത്തതുകൊണ്ട് മോശപ്പെട്ട അവസ്ഥയിലാണ്.

ഓടുമേഞ്ഞ കെട്ടിടങ്ങളിൽ മിക്കതിലും ഓടുകൾ പൊട്ടിയതിനാൽ മഴക്കാലത്ത് ചോർന്നൊലിക്കാറുണ്ട്. കൂടുതൽ ഓടുകൾ നഷ്ടപ്പെട്ട കെട്ടിടങ്ങളിൽ കൂരയ്ക്കു മുകളിലായി ആസ്ബറ്റോസ് ഷീറ്റുകളോ ടാർപ്പോളിൻ ഷീറ്റുകളോ ഉറപ്പിച്ചിരിക്കുന്നു.

### കെട്ടിടങ്ങളും പൈതൃകത്തനിമയും

പഴയ കെട്ടിടങ്ങൾ പലതും പുതുക്കിപ്പണിയുകയോ അറ്റകുറ്റപ്പണികൾ ചെയ്ത് മോടികൂട്ടുകയോ ചെയ്തിട്ടുണ്ട്. എന്നാൽ പഴയ ചില കെട്ടിടങ്ങൾ ഇന്നും തലയുയർത്തി നിൽക്കുന്നു. ഇവയാണ് ചന്തയിലെ യഥാർഥ പൈതൃക സൂചകങ്ങൾ. ചരിഞ്ഞ കൂര, വരാന്ത, നിറമുള്ള ജനൽപ്പാളികൾ, വാതിലുകൾക്കും ജനാലകൾക്കും തടിപ്പാളികൾ, മനോഹരമായ അലങ്കാരപ്പണികൾ ചെയ്ത ബാൽക്കണി കൈവരികൾ തുടങ്ങി വിവിധ വാസ്തുവിദ്യാരീതികളുടെ സങ്കലനമാണ് ഇവ.

ചന്തയുടെ വാസ്തുവിദ്യാ സൗന്ദര്യത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിലാണ് പുതിയ കെട്ടിടങ്ങളുടെ രൂപരേഖയും നിർമി


പൊട്ടിപ്പൊളിഞ്ഞ് ശോചനീയമായ അവസ്ഥയിലുള്ള ഒരു കെട്ടിടം.



## കോട്ടപ്പുറം ചന്ത




ട്രാഫിക്ക് കുരുക്കിൽപെട്ട ചന്ത - പാലം ജംഗ്ഷനിലെ കാഴ്ച.



തിയും. 'പഴമ' മാറ്റി എടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പല കെട്ടിടങ്ങളുടെയും 'മോടി' കൂട്ടിയിട്ടുള്ളത്. പക്ഷേ അവ വിപരീത ഫലമാണ് ഉണ്ടാക്കിയത്. കെട്ടിടത്തിന്റെ ശോഭ കെടുത്താൻ മാത്രമല്ല പ്രദേശത്തിന്റെ പൈതൃകത്തനിമയ്ക്ക് കോട്ടം വരുത്തുവാനേ ഇത്തരം ശ്രമങ്ങൾ ഉപകരിച്ചിട്ടുള്ളൂ.

### ട്രാഫിക്ക് കുരുക്ക്

തിങ്കൾ, വ്യാഴം എന്നീ ചന്തദിവസങ്ങളിൽ ഇവിടെമാകെ തിരക്കാണ്. കൂടുതൽ ട്രാഫിക്ക് കുരുക്കും ഈ ദിവസങ്ങളിലാണ്. ചന്തയ്ക്കുള്ളിലെ ട്രാഫിക്ക് കുരുക്ക് പ്രധാനമായും രണ്ട് കാരണങ്ങളാലാണ്.

- ▶ സാധനങ്ങൾ ഇറക്കാനുള്ള വാഹനങ്ങളുടെ വരവും പോക്കും.
- ▶ ചന്തയിലൂടെയുള്ള സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരം.

ചന്തയ്ക്കുള്ളിൽ കൃത്യമായ വാഹന സഞ്ചാര ക്രമമില്ല. മേൽപ്പറഞ്ഞ രണ്ടുതരം വാഹനങ്ങളും ഒരേ വഴിതന്നെ ഉപയോഗിക്കുന്നതായി കാണാം. ട്രക്കുകൾ, ടെമ്പോകൾ തുടങ്ങിയ ചരക്കിറക്ക് വാഹനങ്ങളും സാധനങ്ങൾ കൊണ്ടുപോകാനുള്ള ആട്ടോറിക്ഷകളും ഇടവഴികളിലേക്ക് കയറി കടകളുടെ പരമാവധി അടുത്ത് എത്താൻ ശ്രമിക്കുന്നു. വാഹന നിയന്ത്രണമുള്ള പാതകൾ ചന്തയിൽ ഇപ്പോഴില്ല. കാൽനടക്കാരുടെ സഞ്ചാരവും വാഹനങ്ങളുടെ ഞെരുക്കവും ട്രാഫിക്ക് കുരുക്കിന് കാരണമാകുന്നു.

### പൊതുഗതാഗതം

ബസ്, ആട്ടോറിക്ഷ എന്നിവയാണ് ഇവിടുത്തെ പൊതു വാഹനങ്ങൾ. കൊടുങ്ങല്ലൂർ, പറവൂർ തുടങ്ങിയ സമീപ നഗരങ്ങളിലേക്കുള്ള ചില ബസുകൾ ഇതുവഴി സർവീസ് നടത്തുന്നു. ദിവസവും എട്ടോളം ബസ്സുകൾ ഇതു വഴി കടന്നുപോകുന്നു.

### മൂത്രപ്പുരകൾ

മീൻചന്തയ്ക്കു സമീപം ഒരു മൂത്രപ്പുര ഉണ്ട്. പക്ഷേ അത് വൃത്തിഹീനവും ഉപയോഗശൂന്യവുമായ അവസ്ഥയിലാണ്. കരാറുകാർ ഏറ്റെടുത്ത് നടത്തുന്ന ഈ മൂത്രപ്പുര ഒരു തവണ ഉപയോഗിക്കുന്നതിന് 4 രൂപയാണ് ഫീസ് ഈടാക്കുന്നത്. ഇത് പലരെയും പിൻതിരിപ്പിക്കുന്നു. പകരം ആളുകൾ പുഴയുടെ തീരത്ത് കെട്ടിയ ഭിത്തിയുടെ മറവിലാണ് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നത്. ഇത് കാരണം ചന്ത ദിവസങ്ങളിൽ

## കോട്ടപ്പുറം ചന്ത



അഴുകിയ പച്ചക്കറികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പല കച്ചവടക്കാരും തോട്ടിലേക്കാണ് വലിച്ചെറിയുന്നത്. ഹോട്ടൽ അവശിഷ്ടങ്ങളും ഒഴുക്കിവിടുന്നത് തോട്ടിലേക്കാണ്. ചന്തയ്ക്കു സമീപമുള്ള പഞ്ചായത്തു വക സ്ഥലത്തും മാലിന്യങ്ങൾ അലക്ഷ്യമായി നിക്ഷേപിക്കുന്നു.

### കുടിവെള്ളം

മിക്ക വീടുകളിലും കിണറുണ്ട്. അതിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. ട്രസ്റ്റ് ബിൽഡിംഗ് റോഡിന് സമീപത്തുള്ളവർക്ക് കിണറ്റിൽ നിന്നും ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. അതിനാൽ അവർ മുനിസിപ്പാലിറ്റി ജലവിതരണത്തെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലമാകുമ്പോൾ ഇത് വല്ലപ്പോഴും മാത്രമെ ലഭിക്കുകയുള്ളൂ.

### ഓട

നദിയിലേക്ക് സ്വാഭാവികമായ ഒരു ചരിവുള്ളതിനാൽ ചന്തയിൽ നിന്നുള്ള പ്രകൃത്യായുള്ള ഒഴുക്കിനെ സഹായിക്കുന്നു.

### മഴവെള്ള സംഭരണം

ചന്തമുറ്റത്ത് പഞ്ചായത്ത് നിർമിച്ച ഒരു മഴവെള്ള സംഭരണ ടാങ്കുണ്ടെങ്കിലും മഴവെള്ളക്കൊയ്ത്തിന്റെ പൂർണ പ്രയോജനം ഇതുവഴി ലഭിക്കുന്നില്ല.

### നദീമുഖ വികസനങ്ങൾ- കനാൽ

കനാലിന്റെ വശങ്ങളിൽ ഇപ്പോൾ കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

### തെരുവു വിളക്കുകൾ

ചില വിളക്കുകാലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മിക്കവയിലും ബൾബുകൾ ഇല്ല. ചന്ത ദിവസങ്ങളിൽ അതിരാവിലെ 3 മണി മുതൽ പ്രവർത്തനം തുടങ്ങുന്ന കച്ചവടക്കാർക്ക് ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. മിക്ക പോസ്റ്റുകളിലും കടക്കാർ മുൻകൈ എടുത്ത് ബൾബുകൾ ഇട്ടിട്ടുണ്ട്.

ഇവിടമാകെ ദുർഗന്ധപൂരിതമാകുന്നു. കഴിഞ്ഞ വർഷം പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുജന ബോധവത്കരണ പ്രവർത്തനം നടത്തി. വിജയൻ തോടിന് ഇരുകരകളിലുമുള്ള വീട്ടുകാരെ, തോട്ടിലേക്ക് മാലിന്യങ്ങൾ ഒഴുക്കി വിടുന്നതിൽ നിന്നും പിന്തിരിപ്പിക്കാൻ ഈ പ്രവർത്തനത്തിന് കഴിഞ്ഞു. അതോടൊപ്പം ചിക്കൻഗുനിയ രോഗം പരക്കുന്നുവെന്ന ഭീതിയും കൂടിയായപ്പോൾ പരിഭ്രാന്തരായ നാട്ടുകാർ വീടുകളിൽ ഫെറോസിമെന്റിൽ നിർമിച്ച സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചു തുടങ്ങി.

### ഖരമാലിന്യ നിർമാർജനം

ചന്തയിലെ മാലിന്യ സംഭരണവും ശുചീകരണവും കരാറുകാരനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ചന്ത കഴിഞ്ഞ് അടുത്ത ദിവസം രാവിലെ ശുചീകരണ പ്രവർത്തകർ എത്തി മാലിന്യങ്ങൾ നീക്കം ചെയ്യുന്നു. വളം നിർമാണ യൂണിറ്റിലേക്കാണ് മാലിന്യങ്ങൾ കൊണ്ടുപോകുന്നത്.



# 5

# ട്രാഫിക്കും പാർക്കിംഗും

## ചന്തയുടെ ഘടനയും സഞ്ചാര പാതകളും

രണ്ട് തെരുവുകളാണ് ചന്തയിൽ ഉള്ളത്. തെക്ക് വടക്ക് ദിശയിലുള്ള പ്രവേശന പാതയെത്തുടർന്ന്, കമ്പോളം കടന്ന് നദീമുഖത്ത് അവസാനിക്കുന്നതാണ് ഒന്നാമത്തെ തെരുവ്. രണ്ടാമത്തെ തെരുവിലൂടെയാണ് (കിഴക്ക് - പടിഞ്ഞാറെ ദിശയിൽ) ചേരമാൻ പറമ്പ് - കോട്ടപ്പുറം കോട്ട റോഡ് കടന്ന് പോകുന്നത്. തെരുവുകൾക്ക് ഇരുവശവുമുള്ള കടകൾ മുഖ്യമായും മൊത്തക്കച്ചവടക്കാരുടേതാണ്.

## ചന്തയിലെ സഞ്ചാര പഥങ്ങൾ

മുമ്പ് സൂചിപ്പിച്ചിരുന്നതുപോ
വ്യാഴം എന്നീ ചന്ത ദിവസ
ഇവിടം സജീവമാകുന്നതും
ട്രാഫിക് ഞെരുക്കം അനുഭവ
ചന്തയ്ക്കുള്ളിലെ സഞ്ചാരപഥ
പ്പറയും പ്രകാരമാണ്.

- ചരക്കുവണ്ടികളുടെ സഞ്ചാര
- കാൽനട യാത്രക്കാർ.
- ചന്തയിലൂടെയുള്ള പൊതുവ
ഗതം.

## ചരക്കുവണ്ടികൾ

ചരക്കിറക്കുവാനോ മറ്റിടങ്ങളിലേക്ക് കൊണ്ടുപോകാനോ ആണ് വലിയ വണ്ടികൾ പ്രധാനമായും ചന്തയിലേക്കു വരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വലിയ ട്രക്കുകളും ദിവസേന ചന്തയിലെത്താറുണ്ട്. ചന്ത സമയത്ത് ഇവ ചന്തയ്ക്ക് പുറത്ത് കാത്തുകിടക്കുകയാണ് പതിവ്. പച്ചക്കറികളുമായെത്തുന്ന വണ്ടികൾ ചന്തയ്ക്കു തൊട്ടു മുൻപുള്ള ദിവസമാണ് എത്താറുള്ളത്.

വലിയ ട്രക്കുകളിൽ നിന്നും ചരക്ക് ഇറക്കുന്നതോടൊപ്പം സാധനങ്ങൾ കയറിപ്പോകുവാൻ ചെറിയ വണ്ടികൾ കൂടി എത്തുന്നതോടെ ചന്ത ദിവസങ്ങളിൽ



കുരുക്ക് പാരമ്യത്തിലെത്തുന്നു. വണ്ടിക ളെല്ലാം ഒരു സ്ഥലത്ത് നിർത്തിയിട്ടിട്ട്, ഓരോ കടയിൽ നിന്നുമുള്ള സാധനങ്ങൾ തൊഴിലാ ളികൾ ചുമന്ന് എത്തിക്കാറാണ് പതിവ്. തോടെ റോഡിൽ അനുഭവപ്പെടുന്ന ഞെരുക്കം കൂടുകയേ ഉള്ളൂ. വാഹനങ്ങൾ റോഡിൽത്തന്നെ നിർത്തി കയറ്റിറക്ക് നട ത്തുന്ന ഇപ്പോഴത്തെ രീതിയാണ് പ്രശ്നം സങ്കീർണ്ണമാക്കിയത്.



റോഡിന്റെ ഇരുവശത്തും വാഹനങ്ങൾ നിർത്തി ചരക്കുമാറ്റം നടത്തുന്നു.

### ഗതാഗതത്തിന് ജലപാതകളുടെ ഉപയോഗം

ജലമാർഗമുള്ള ഗതാഗതം ഇന്ന് കുറവാണ്. എങ്കിലും ചന്ത ദിവസങ്ങളിൽ മിച്ചം വരുന്ന ചരക്കുകൾ വള്ളങ്ങളിൽ കയറ്റി പറവൂർ ചന്തയിലേക്ക് കൊണ്ടുപോകാറുണ്ട്. പറ വൂരും കോട്ടപ്പുറത്തും കടകളുള്ള കച്ചവട ക്കാരാണ് ഇങ്ങനെ ചരക്കുനീക്കം നടത്തു ന്നത്.

## പ്രശ്നങ്ങളും പരാതികളും

### ട്രാഫിക്ക് കുരുക്ക്

നിർമാണത്തിലിരിക്കുന്ന പാലം സഞ്ചാര ത്തിന് തുറന്നു കൊടുക്കുമ്പോൾ, ചേരമാൻ പറമ്പിൽ നിന്നും മാളയിലേക്കുള്ള പ്രധാന പാത ഇതുവഴിയാകും. ചരക്കുവണ്ടി കൾക്കൊപ്പം മറ്റ് വാഹനങ്ങൾ കൂടി വരുന്ന

### പാർക്കിംഗ് പ്രശ്നങ്ങൾ

വേണ്ടത്ര പാർക്കിംഗ് സൗകര്യങ്ങൾ ഇല്ലാ ത്തതാണ് ട്രാഫിക്ക് കുരുക്കിന് മറ്റൊരു കാര ണം. ചന്ത ദിവസങ്ങളിൽ കോട്ടപ്പുറം പള്ളി – വികാസ് ഭവൻ റോഡ് സ്വകാര്യ വാഹന ങ്ങളുടെയും ചരക്കിറക്ക് വണ്ടികളുടെയും പാർക്കിംഗ് ഗ്രൗണ്ടായി മാറുന്നു. ചരക്കുവ ണ്ടികൾ ലോഡ് ഇറക്കാൻ തെരുവിൽത്തന്നെ നിർത്തിയിടാറുണ്ട്. ഉച്ചയോടെ മാത്രമേ ഈ വണ്ടികൾ ഇവിടെ നിന്നും പോകാറുള്ളൂ. ചന്തയിൽ ഒഴിവുള്ള സ്ഥലങ്ങളിലെയും ഇരു ചക്ര വാഹനങ്ങൾ പാർക്ക് ചെയ്യുന്നു.

### ട്രാഫിക്ക് മാനേജ്മെന്റ്

കാൽനട യാത്രാപദ്ധതി നടപ്പിലാക്കുന്നതോ ടൊപ്പം ഫലപ്രദമായ ട്രാഫിക്ക് മാനേജ്മെന്റ് സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. പക്ഷേ ട്രാഫിക്ക് സംവിധാനത്തിൽ ഉടനടി മാറ്റം

വരുത്തിയാൽ അത് ചന്തയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. വൺവേ ട്രാഫിക്ക്, റോഡിന്റെ ഒരു വശത്ത് മാത്രമായി പാർക്കിംഗ് പരിമിതപ്പെടുത്തുക, പാർക്കിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക മുതലായ രീതികൾ ഭാവിയിൽ സ്വീകരിക്കാവുന്നതാണ്.

### ട്രാഫിക്ക് ഗതിമാറ്റം

ചന്തയിൽ കൂടിയുള്ള ഗതാഗതം നിയന്ത്രിച്ചാൽത്തന്നെ ട്രാഫിക്ക് പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരമാകും. ചരക്ക് വണ്ടികൾ വരേണ്ടതിനാൽ പൂർണ തോതിലുള്ള വാഹന നിയന്ത്രണം സാധ്യമല്ല. പക്ഷേ തെരുവിലൂടെ ചേരമാൻ പറമ്പിലേക്ക് പോകുന്ന വാഹനങ്ങൾ വഴി തിരിച്ച് വിടാവുന്നതാണ്. കടകൾക്ക് പിന്നിലുള്ള സ്ഥിരതാമസക്കാരുടെ വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കുകയും വേണം. കട ഉടമകളുടെ വാഹനങ്ങളും നിയന്ത്രിക്കാനാവില്ല.

### പാർക്കിംഗ് മാനേജ്മെന്റ്

റോഡിന്റെ നിലവിലുള്ള അവസ്ഥയും റോഡു വികസനം സാധ്യമല്ല എന്ന യാഥാർഥ്യവും കണക്കിലെടുത്ത് ചന്തയ്ക്ക് അൽപ്പം അകലെ സ്ഥലം കണ്ടെത്തി വാഹനങ്ങളുടെ പാർക്കിംഗ് അവിടേക്ക് മാറ്റേണ്ടതുണ്ട്. കോട്ടപ്പുറം പള്ളിക്കു മുന്നിലുള്ള പാർക്കിംഗിന് ഫീ ഏർപ്പെടുത്തിയാൽ ഇവിടേക്കുള്ള വാഹനങ്ങളുടെ വരവ് നിയന്ത്രിക്കാവുന്നതേയുള്ളൂ.

### ചരക്കുവാഹനങ്ങളുടെ മാനേജ്മെന്റ്

ചരക്കു വാഹനങ്ങളുടെ വരവിനെ ആശ്രയിച്ചാണ് ചന്തയുടെ നിലനിൽപ്പ്. അതിനാൽ അവയുടെ നിരോധനം സാധ്യമല്ല. ചന്ത ദിവസങ്ങളുടെ തൊട്ടു മുൻപുള്ള ദിവസങ്ങളിലാണ് പച്ചക്കറി വണ്ടികൾ എത്തുന്നത്. പക്ഷേ പലചരക്ക് കയറ്റിയ വണ്ടികൾ ദിവസവും വരുന്നുണ്ട്. അവയുടെ വരവും നിരോധിക്കാനാവില്ല. എങ്കിലും വരുന്നതിന് നിശ്ചിത സമയം ഏർപ്പെടുത്താവുന്നതാണ്. രാത്രികാലങ്ങളിൽ ചന്ത ഏറെക്കുറെ നിശ്ചലമാണ്. അതിനാൽ രാത്രി ഏഴു മണി മുതൽ ചന്ത ദിവസങ്ങളിൽ വെളുപ്പിന് രണ്ട് മണി വരെയും അല്ലാത്ത ദിവസങ്ങളിൽ രാവിലെ 10 മണിവരെയും ഇത്തരം വണ്ടികൾക്ക് പ്രവേശനാനുവാദം നല്കാവുന്നതാണ്.

### ബാറ്ററി ഘടിപ്പിച്ച കാറുകളും സൈക്കിളുകളും വഴി ചന്തയിലേക്കുള്ള യാത്ര

അടുത്ത 20 വർഷത്തെ വികസനം കണക്കിലെടുത്താൽ ചന്തയിൽ ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലെന്നത് വ്യക്തമാണ്. ചന്തയിൽ നിന്ന് അൽപ്പം അകലെമാറി പാർക്കിംഗ് സൗകര്യം ഒരുക്കി ഈ കുറവ് പരിഹരിക്കാം. അത് പക്ഷേ സന്ദർശകരെ നിരുത്സാഹപ്പെടുത്താൻ ഇടയുണ്ട്. പാർക്കിംഗ് സ്ഥലത്ത് നിന്നും ചന്തയിലേക്ക് സന്ദർശകരെ എത്തിക്കാൻ നിശ്ചിത ഇടവേളകളിൽ ബാറ്ററി കൊണ്ട് പ്രവർത്തിക്കുന്ന കാറുകൾ സർവീസ് നടത്തി ഈ കുറവ് പരിഹരിക്കാം. സൈക്കിൾ യാത്ര ഇഷ്ടപ്പെടുന്നവർക്ക്, സൈക്കിൾ വാടകയ്ക്ക് ലഭിക്കുന്ന സംവിധാനവും ഒരുക്കാവുന്നതാണ്.

ഇടവഴിയിൽ നിർത്തി ചരക്കിറക്കുന്ന വാഹനം



# 6

# പൊതു നിർദേശങ്ങൾ

### ഭാവി വികസന പ്രവർത്തന തന്ത്രം

ഒരു പൈതൃക തെരുവായി കോട്ടപ്പുറം ചന്തയെ മാറ്റിയെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ചന്തയുടെ പാരമ്പര്യ തനിമയ്ക്ക് പോറലേൽക്കാത്ത വിധമുള്ള വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ചന്ത സന്ദർശിക്കുന്ന ഏതൊരാൾക്കും ഇവിടുത്തെ മൗലികത ആസ്വദിച്ച് അറിയുവാനും സവിശേഷമായ ഒരു ഷോപ്പിംഗ് അനുഭൂതി ലഭിക്കാനും ഉതകുന്നവിധത്തിലുള്ള പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളത്.

ഇപ്പോൾ തുടർന്നുപോകുന്ന പ്രവർത്തനങ്ങൾക്ക് കോട്ടം തട്ടാത്തവിധം ചന്തയിലെത്തുന്ന സഞ്ചാരിക്ക് മടുപ്പുളവാക്കാത്ത ചുറ്റുപാട് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ലഭ്യമായ സ്ഥലങ്ങളെല്ലാം ഉപയോഗപ്പെടുത്തിയും കടകളുടെ മുൻഭാഗം പരമ്പരാഗത ശൈലിയുമായി യോജിച്ചു പോകുംവിധം മാറ്റം വരുത്തിയുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

### പദ്ധതി ലക്ഷ്യങ്ങൾ

- ചന്തയുടെ സാമ്പത്തിക പുനരുജ്ജീവനം.
- ചന്തയിൽ തുടർന്നു പോരുന്ന പ്രവർത്തനങ്ങളും സംവിധാനങ്ങളും സംരക്ഷിക്കൽ.
- ചന്തയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ജീവിതനിലവാരം ഉയർത്തൽ.
- ചന്തയിലെ ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ സംരക്ഷിക്കൽ.


### ഡിസൈൻ കൺസെപ്റ്റ്

കാൽനട - വാഹന മാനേജ്മെന്റിന് പുറമേ, ചന്തയ്ക്ക് പുതിയ മുഖം നൽകാനുള്ള യജ്ഞത്തിന് ചന്തയിലെ പൊതുസ്ഥലങ്ങൾക്കു കൂടി രൂപഭംഗി വരുത്തേണ്ടതുണ്ട്. കൂടുതൽ ആളുകൾ ചന്തയി



കാൽനടക്കാർക്ക് വിശ്രമത്തിനായി
നിർമിക്കാൻ ഉദ്ദേശിക്കുന്ന ഇരിപ്പിടത്തിന്റെ മാതൃക.

# കോട്ടപ്പുറം ചന്ത




നദീമുഖത്ത് നിർമിക്കാൻ ഉദ്ദേശിക്കുന്ന നടപ്പാതയുടെ രേഖാചിത്രം

ലേക്ക് എത്തുന്നതോടെ, ഇരിപ്പിടങ്ങൾ, ഒത്തുചേരാനുള്ള സ്ഥലം, താവളങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ അനിവാര്യമാകുന്നു. ചന്തയുടെ ക്രയവിക്രയ പ്രവർത്തനങ്ങളെ ഒരു തരത്തിലും ബാധിക്കാത്ത വിധത്തിൽ ഇത്തരം സൗകര്യങ്ങൾ ഒരുക്കണം. ഒപ്പം അവയുടെ പ്രയോജനം നാട്ടുകാർക്ക് ലഭിക്കുന്നു എന്നു കൂടി ഉറപ്പാക്കണം.

ചന്തയ്ക്ക് ഉള്ളിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കുകയും വേണം. സഞ്ചാരികൾക്ക് സൗകര്യമൊരുക്കുകയല്ല, മറിച്ച് ചന്തയുടെ വികസനത്തിനും സൗന്ദര്യവർധനവിനും അതുവഴി നാട്ടുകാരുടെ സാമ്പത്തിക ഉന്നമനത്തിനും ലക്ഷ്യം വയ്ക്കുന്ന പദ്ധതിയാണിത്. ഒപ്പം സഞ്ചാരികൾക്കു കൂടി അതിന്റെ പ്രയോജനം ലഭിക്കുമെന്ന് മാത്രം.

ചന്തയുടെ സാമ്പത്തിക പുനരുജ്ജീവനത്തിനും ചരിത്ര കെട്ടിടങ്ങളുടെ സംരക്ഷണത്തിനും ഊന്നൽ നല്കി താഴെപറയും പ്രകാരമുള്ള പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

- പൊളിഞ്ഞ കെട്ടിടങ്ങളുടെ പുനരുദ്ധാരണം.
- സമാന്തര ഉപയോഗം കണ്ടെത്തൽ.
- ചന്തയുടെ തനിമ തിരികെ കൊണ്ടുവരിക.
- തെരുവുകളിൽ കാൽനട പ്രോത്സാഹിപ്പി



ആംഫി തീയറ്റർ - ചിത്രകാരന്റെ ഭാവനയിൽ



തെരുവിന്റെ ഉന്നതി - നിലവിലുള്ള രീതി.



കടകളുടെ മുൻഭാഗത്ത് ചില മാറ്റങ്ങൾ വരുത്തി തെരുവിന്റെ ഭംഗി വർദ്ധിപ്പിക്കുന്ന വിധം.

ക്കുകയും തറ കല്ലുപാകി ഭംഗി കൂട്ടുകയും ചെയ്യുക വഴി ചന്തയുടെ പാരിസ്ഥിതിക മേന്മ വർധിക്കുകയും സഞ്ചാരികൾക്ക് അത് ആകർഷകമാകുകയും ചെയ്യും. ചരക്ക് വാഹനങ്ങളുടെയും സ്വകാര്യവാഹനങ്ങളുടെയും അനിയന്ത്രിതമായ വരവ് കുറച്ചാൽ ട്രാഫിക്ക് കുരുക്ക് ഒഴിവാക്കാനാകും. നദീമുഖത്ത് വിനോദ പ്രവർത്തനങ്ങൾക്കു വേണ്ട പടിക്കെട്ടുകളും, ഇരിപ്പിടങ്ങളും പരിപാടികൾ അവതരിപ്പിക്കാനായി ഓപ്പൺ എയർ തീയറ്റർ തുടങ്ങിയവ നിർമിച്ചാൽ പൊതുജനങ്ങളുടെ ഒത്തുചേരലിന് കൂടുതൽ സൗകര്യം ഒരുക്കാനാവും.

## കടകളുടെ മുൻവശം

കടകളുടെ മുൻഭാഗം പരമ്പരാഗത നിർമാണ ശൈലിയുമായി യോജിച്ചു പോകത്തക്കവിധം മാറ്റിയെടുക്കും. ഇത്തരം മാറ്റങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് കടയുടെ മുൻവശത്ത് മാത്രമേ നടപ്പിലാക്കുകയുള്ളൂ. കടയുടമയുടെ സമ്മതത്തോടെയും അനുവാദത്തോടെയുമാകും ഈ പ്രവർത്തനങ്ങൾ നടത്തുക. തറ മോടി പിടിപ്പിക്കുക, തടി അല്ലെങ്കിൽ സ്റ്റീൽ മേൽക്കൂരകൾ പിടിപ്പിക്കുക, വാതിലിന് നിരപ്പലകകൾ ഉപയോഗിക്കുക, പെയിന്റ് ചെയ്യുക, കൂടുതൽ തടി തൂണുകൾ കൂട്ടിച്ചേർക്കുക, പൊതുസ്വഭാവവുമായി പൊരുത്തപ്പെടാത്ത വിശദാംശങ്ങൾ മാറ്റി പരമ്പരാഗതമായവ സ്ഥാപിക്കുക, വരാന്തകൾ കൂട്ടിച്ചേർക്കുക തുടങ്ങിയ പ്രവർത്തനങ്ങളാകും നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്യുക. തെരുവിന്റെ പരമ്പരാഗത സ്വഭാവവുമായി യോജിച്ചു പോകുന്ന കടകളായിരിക്കും പുതിയതായി നിർമിക്കുക.



താൽക്കാലിക ഷെഡ്


## തെരുവ് ഉന്നതി

തെരുവിന്റെ പെരുമയുടെ പ്രതീകങ്ങളായി ഇന്നും ചില കെട്ടിടങ്ങൾ ഇവിടെയുണ്ട്. പക്ഷേ എണ്ണത്തിൽ കുറവും ചിതറിക്കിടക്കുന്നവയുമായതിനാൽ അവ സവിശേഷമായ ഒരു സ്വഭാവം ഉണ്ടാക്കുന്നില്ല. ചില കടകളുടെ മുൻഭാഗത്തെ നിർമിതിയിൽ ചില മാറ്റങ്ങൾ വരുത്തിയാൽ ചന്തയ്ക്ക് മൊത്തത്തിൽ ഒരു പൈതൃക ഭംഗി ലഭിക്കും. പക്ഷേ അടുത്തുള്ള കടകളെക്കൂടി കണക്കിലെടുത്ത് അതീവ ജാഗ്രത

യോടെ മാത്രമേ ഇത്തരം മാറ്റം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

### താൽക്കാലിക ഷെഡുകൾ

നിലവിലുള്ള കടയുടെ മുഖപ്പ് നന്നാക്കുന്നതിനു മാത്രമല്ല, ചന്ത ദിവസങ്ങളിൽ കെട്ടിയുണ്ടാക്കുന്ന താൽക്കാലിക ഷെഡുകളുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗവും പദ്ധതിയിലുണ്ട്. ചന്തക്കളത്തിൽ നിർമിക്കുന്ന താൽക്കാലിക ഷെഡുകൾ, ചന്ത ദിവസങ്ങളിൽ ചെറുകിട കച്ചവടക്കാർക്ക് കച്ചവടം നടത്താനും അല്ലാത്ത ദിവസങ്ങളിൽ സന്ദർശകർക്കും തൊഴിലാളികൾക്ക് വിശ്രമകേന്ദ്രമായും ഉപയോഗിക്കാവുന്നതാണ്. അടുത്തുള്ള ചായക്കടകൾക്ക് വേണ്ട അധിക സ്ഥലമായും ഇത് ഉപയോഗിക്കാം. പഞ്ചായത്തുമായി ചർച്ച നടത്തിയ ശേഷം ഇക്കാര്യത്തിൽ കൃത്യമായ വിശദാംശങ്ങൾ നിർണയിക്കുന്നതാണ്.



നദീമുഖത്ത് നിർമിക്കാനുദ്ദേശിക്കുന്ന നടപ്പാതകളും ഇരിപ്പിടങ്ങളും.

### പുതുതായി കൂട്ടിച്ചേർക്കുന്ന സൗകര്യങ്ങൾ

- കുടിവെള്ളം.
- നല്ല ഭക്ഷണശാലകളും ചായക്കടകളും.
- എ റ്റി എം/ബാങ്കിംഗ് സൗകര്യങ്ങൾ.
- ഇന്റർനെറ്റ് കഫെകൾ.
- സ്ത്രീകൾക്കും പുരുഷന്മാർക്കും മൂത്രപ്പുരകൾ.
- ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ.
- താമസ സൗകര്യങ്ങൾ.

അതിരാവിലെ പ്രവർത്തന നിരതരാകുന്ന കച്ചവടക്കാരുടെ സൗകര്യം പരിഗണിച്ച് തെരുവുകളിൽ വേണ്ടത്ര വിളക്കുകൾ സ്ഥാപിക്കും. വളരെ നേരത്തെതന്നെ കച്ചവടം തുടങ്ങാനും സാമൂഹ്യവിരുദ്ധരുടെ ശല്യം ഒഴിവാക്കാനും ഇത് ഉപകരിക്കും.

### അടിസ്ഥാന സൗകര്യങ്ങൾ

പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളിലും കെട്ടിടങ്ങളിലും ആവശ്യത്തിന് മാത്രം ദിശാസൂചകങ്ങൾ പതിപ്പിച്ച് തെരുവിലേക്ക് ഉന്തി നിൽക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യാം. വേണ്ട വിധത്തിൽ പ്രദർശിപ്പിക്കുന്ന ദിശാ സൂചകങ്ങൾ യാത്രക്കാരെ ചന്തയ്ക്കുള്ളിലുള്ള പ്രധാന കേന്ദ്രങ്ങളിലേക്കും കാണേണ്ട സ്ഥലങ്ങളിലേക്കും നയിക്കും.


ആവശ്യത്തിന് ചവറ്റുകൊട്ടകൾ സ്ഥാപിച്ചാൽ സന്ദർശകർക്ക് അത് ഉപകാരമായിരിക്കും.

നടവഴിയുടെ മൊത്തം നീളത്തിൽ ഓട നിർമിക്കും. തെരുവിന്റെ നദിയിലേക്കുള്ള സ്വാഭാവിക ചരിവ് കണക്കിലെടുത്ത് ഫലപ്രദമായ ഓട നിർമിക്കാനാവും. കടകൾക്കിടയിലുള്ള ഇടുക്കുകളിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കി അത് ഓടയിലേക്ക് ഒഴുക്കി വിടാൻ സംവിധാനം ഒരുക്കും.

### തെരുവ് ഫർണിച്ചറുകളും മറ്റ് സ്ഥാവര വസ്തുക്കളും

കാൽനട യാത്രയ്ക്ക് പ്രാധാന്യം നൽകുന്നതിനാൽ തെരുവ് ഇരിപ്പിടങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. തെരുവിന്റെ പൊതുസ്വഭാവ

### കോട്ടപ്പുറം ചന്ത



ചന്തമുറ്റത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ

വുമായി ഇണങ്ങിച്ചേരും വിധം സ്ഥലങ്ങളിൽ ഇരിപ്പിടങ്ങൾ നിർമിക്കുന്നത് ഏറെ ഉപകാരപ്രദമാണ്. പ്രതല വ്യത്യാസം വരുത്തി തട്ടുതട്ടായും ഇരിപ്പിടങ്ങൾ നിർമിക്കാനാകും. തെരുവോരങ്ങൾ വളരെ ഇടുങ്ങിയതായതിനാൽ അവിടെ അവ സ്ഥാപിക്കാനാവില്ല എന്ന കാര്യം കണക്കിലെടുത്ത് സൂക്ഷ്മതയോടെയാവും ഇരിപ്പിടങ്ങൾ രൂപകൽപ്പന ചെയ്യുന്നത്.

#### തെരുവ് ബലപ്പെടുത്തൽ

കാൽനടയാത്രക്ക് പ്രാധാന്യം നല്കുന്നു എന്ന തോന്നൽ ജനിപ്പിക്കാൻ തെരുവുകളിൽ തറ മോടി കൂട്ടുകയും ബലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ചരക്കുവണ്ടികളുടെയും യാത്രയ്ക്ക് അനുവാദമുള്ള വാഹനങ്ങളുടെയും ഭാരം താങ്ങത്തക്കവിധം ഉറപ്പുള്ള വസ്തുക്കൾ ഇതിനായി ഉപയോഗിക്കും. തെരുവിന്റെ പൈതൃകസത്തയുമായി യോജിച്ചുപോകും വിധമായിരിക്കണം ഇവയുടെ രൂപകൽപന.

# പൊതുസ്ഥലങ്ങൾക്കുള്ള നിർദേശങ്ങൾ

## നദീമുഖ വികസനം

#### ബോട്ട് ജെട്ടി

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം ചന്തയിൽ രണ്ട് ബോട്ട്ജെട്ടികൾ നിർമിക്കാൻ ഉദ്ദേശിക്കുന്നു. പുതുതായുണ്ടാകുന്ന ബോട്ട്ജെട്ടികൾ ജലപാതയിലൂടെയുള്ള കച്ചവടത്തിന് പ്രോത്സാഹനമാകും. ബോട്ട്ജെട്ടിക്ക് സമീപവും ചന്തത്തെരുവിലെ പഞ്ചായത്ത് കെട്ടിടത്തിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാൻ പദ്ധതിയുണ്ട്. ബോട്ട്ജെട്ടിക്ക് സമീപമുള്ള പഴകി ജീർണിച്ച കെട്ടിടം പുതുക്കി ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററാക്കി മാറ്റാവുന്നതാണ്. കപ്പോളയ്ക്കു മുന്നിലുള്ള സ്ഥലം നടപ്പാതയാക്കി അതിന് പിന്നിലായി നദിക്ക് അഭിമുഖമായി ഇരിപ്പിട


നവീകരണ പ്രവർത്തനങ്ങൾക്കുശേഷമുള്ള ബോട്ടുജെട്ടി ഒരു രേഖാചിത്രം.


ങ്ങളും നിർമിക്കുന്നതാണ്. ഓണാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന വള്ളംകളി കാണാനെത്തുന്നവരുടെ ഇരിപ്പിട പ്രശ്നം, ആംഫി തീയറ്റർ വരുന്നതോടെ പരിഹരിക്കപ്പെടും. വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിന് സമീപമാണ് ആംഫി തീയറ്ററിന്റെ സ്ഥാനം.

ചന്തയ്ക്ക് സമീപമുള്ള കോട്ടപ്പുറം കോട്ട കാണാൻ പറവൂരിൽ നിന്നും പാലത്തിലൂടെ വരുന്നവർക്ക് ഈ സ്ഥലം പാലത്തിൽ നിന്നു തന്നെ നല്ലപോലെ ദൃശ്യമാകും.

### നടപ്പാത

നദീമുഖത്ത് നികത്തിയെടുത്ത സ്ഥലം അനൗപചാരിക കൂട്ടായ്മകൾക്കും കുട്ടികളുടെ കളിസ്ഥലമായും ഉപയോഗിക്കാം. ഫൗണ്ടൻ, ആംഫി തീയറ്റർ തുടങ്ങിയവയും ഇവിടെ രൂപകൽപ്പന ചെയ്യാവുന്നതാണ്. നദീമുഖത്ത് നടപ്പാത നിർമിക്കാനും ലക്ഷ്യമുണ്ട്.

നിലവിലുള്ള പ്രവർത്തനങ്ങൾക്ക് കോട്ടംതട്ടാത്ത വിധത്തിലാണ് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ചരക്ക് കൊണ്ടുപോകുന്നതിനുവേണ്ടി ബോട്ട്ജെട്ടിയിൽ നിന്നും ഗോഡൗണുകൾ വരെ പ്രത്യേക വാഹനവഴി ഉണ്ടാക്കും. കാൽക്കാർക്കുള്ള വഴിയും വാഹനങ്ങൾക്കുള്ള വഴിയും വേർതിരിക്കും. മരത്തണലിലും തറയ്ക്കു ചുറ്റും ചെറിയ ഇരിപ്പിടങ്ങൾ ഉണ്ടാകും. ചെറിയ ഗ്രൂപ്പുകളായി എത്തുന്ന സഞ്ചാരികൾക്ക് വിശ്രമ സ്ഥലമായി ഇവിടം ഉപയോഗിക്കാം. നടപ്പാതയുടെ ഇരുവശവും തണൽ മരങ്ങൾ വച്ചുപിടിപ്പി




ആംഫിതീയറ്ററും നടപ്പാതയും.

## കോട്ടപ്പുറം ചന്ത




ചന്തത്തെരുവ് വികസന പ്രവർത്തനങ്ങൾക്കു ശേഷം

ക്കും. ആംഫി തീയറ്ററിലും നദിക്ക് എതിരെയുള്ള സ്റ്റേജിലും കലാപരിപാടികൾ അവതരിപ്പിക്കാനുള്ള വേദിയാകും.

### ചന്ത മുറ്റം

ചന്ത ദിവസം ഏറ്റവും കൂടുതൽ തിരക്കുള്ളതും കച്ചവടം നടക്കുന്നതും ചന്ത മുറ്റത്താണ്. കച്ചവടത്തിന് തടസമുണ്ടാകാത്ത വിധമാണ് ഇവിടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മുഴുവൻ പ്രദേശത്തും തറ ബലപ്പെടുത്തുകയും മോടി കൂട്ടുകയും ചെയ്യും. ചെറുകിട കച്ചവടക്കാർക്കായി താൽക്കാലിക ഷെഡുകൾ നിർമിക്കും. തലച്ചുമടുകാർക്കും തൊഴിലാളികൾക്കും മേൽക്കൂരയുള്ള ഇരിപ്പിടമായും ഇവിടം പ്രയോജനപ്പെടും.

കവലയുടെ നടുക്കായി ഒരു ക്ലോക്ക് ടവർ നിർമിച്ച് ചുറ്റും പടികൾ കെട്ടും. ഇവിടം കച്ചവടക്കാർക്കും സഞ്ചാരികൾക്കും ഇരിപ്പിടമായി ഉപയോഗിക്കാം. ചന്തയുടെ പ്രധാന ആകർഷകങ്ങളിൽ ഒന്നായി ഇത് മാറും. ടവറിന് താഴെയുള്ള ഒരു ചെറിയ മുറിയിൽ കച്ചവടക്കാർക്ക് അവരുടെ സാമഗ്രികളോ അധികമുള്ള വസ്തുക്കളോ സൂക്ഷിക്കാനാകും.



ചവറ്റുകൊട്ട

### പഞ്ചായത്ത് കെട്ടിടം

രണ്ട് പഞ്ചായത്ത് കെട്ടിടങ്ങൾക്കും ഇടയിലുള്ള സ്ഥലം കുറച്ച് അവയെ പരസ്പരം ബന്ധിപ്പിക്കും. നിലവിലുള്ള ഒറ്റനില കെട്ടിടത്തിന് മുകളിലായി ഒരു നില കൂടി കൂട്ടിച്ചേർക്കും. ചന്തയ്ക്ക് ആവശ്യമുള്ള മിക്ക അനുബന്ധ സൗകര്യങ്ങളും ഈ കെട്ടിടങ്ങളിൽ ഒരുക്കും. വികലാംഗർക്ക് പ്രത്യേക സൗകര്യമുള്ള ടോയ്‌ലറ്റുകൾ, എടിഎമ്മുകൾ, ഇൻഫർമേഷൻ കേന്ദ്രങ്ങൾ, കുടിവെള്ള സൗകര്യം തുടങ്ങിയവ താഴത്തെ നിലയിൽ ഒരുക്കും. ഒന്നാം നിലയിൽ കോട്ടപ്പുറം

കോട്ട മ്യൂസിയമാക്കാനാണ് ഉദ്ദേശം. ഓഫീസ്, ടിക്കറ്റ് കൗണ്ടർ, ക്ലോക്ക് റൂം, കടകൾ, സെക്യൂരിറ്റി തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ടാകും.

കോട്ടപ്പുറം കോട്ട ഒരു സൈറ്റ് മ്യൂസിയമാക്കാനാണ് പദ്ധതി. അവിടെ നടന്നുവരുന്ന ഉദ്ഖനനം ഒരു തുടർ പ്രക്രിയയാണ്. കോട്ടയുടെ സമീപത്തായി ഒരു ടോയ്‌ലറ്റ് നിര ഒഴികെ മറ്റൊന്നും നിർമിക്കാൻ പദ്ധതി ഇല്ലാത്തതുകൊണ്ട് ഉദ്ഖനനത്തിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ ഇവിടെ പ്രദർശിപ്പിക്കാനാവില്ല. പകരം ഇവ ചന്തയ്ക്കുള്ളിൽ ഒരുക്കുന്ന കോട്ട മ്യൂസിയത്തിൽ പ്രദർശിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഉദ്ഖനനം പുരോഗമിക്കുന്നതോടെ ഇവിടെ പ്രദർശിപ്പിക്കുന്ന വസ്തുക്കൾ മാറ്റി പുതിയത് വയ്ക്കേണ്ടതും ഒപ്പം മ്യൂസിയം വിപുലപ്പെടുത്തേണ്ടതുമുണ്ട്.


### കപ്പോളത്തെരുവ്

കപ്പോളയ്ക്ക് പിന്നിലുള്ള തുറസായ സ്ഥലത്താണ് ചന്ത ദിവസങ്ങളിൽ പച്ചക്കറി കച്ചവടം നടക്കുന്ന മറ്റൊരു കേന്ദ്രം.

ത്തുന്ന പരമ്പരാഗത തെരുവോര പ്രകടനക്കാരായ പാമ്പാട്ടികൾ, സർക്കസുകാർ തുടങ്ങിയവർക്ക് പ്രകടനം നടത്താൻ ഇവിടം പ്രയോജനപ്പെടും. ചന്തയുടെ ഭാഗമായി താല്ക്കാലിക ഷെഡുകളും പണിയും.

### ഉപക്രമം

നാട്ടുകാർ, കടയുടമകൾ, ചന്ത ഉപയോഗിക്കുന്നവർ തുടങ്ങിയവർക്ക് പ്രയോജനം ലഭിക്കത്തക്ക വിധം ചന്തയെ പുനരുജ്ജീവിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഏതൊരു പട്ടണത്തിന്റെയും സ്രോതസ്സുകൾ ആസൂത്രണം ചെയ്യുക ഒരു വെല്ലുവിളിയാണ്. ചെറിയ നോട്ടപിശക് കൊണ്ട് അമൂല്യമായ ദേശീയ സമ്പാദ്യങ്ങൾ നശിക്കാൻ ഇടയുള്ളതിനാൽ പുരാതന പട്ടണങ്ങളുടെ കാര്യത്തിൽ ഈ വെല്ലുവിളികൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. ചരിത്ര പ്രാധാന്യമുള്ള കോട്ടപ്പുറം ചന്തയുടെ പുനരുദ്ധാ



കപ്പോളത്തെരുവിന്റെ വികസന മാതൃക.

ഈ പ്രദേശം മുഴുവൻ തറപാകി മോടികൂട്ടും. നടുക്കായി വൃത്താകൃതിയിൽ ഉയർന്ന ഒരു പ്ലാറ്റ് ഫാറം നിർമിക്കും. കലാപരിപാടികൾ അവതരിപ്പിക്കുവാൻ ഇവിടം ഉപയോഗിക്കാം. ചന്ത പൂർവ പ്രതാപത്തിലേക്ക് തിരിച്ചെത്തുമ്പോൾ, ഇവിടെ വന്നെ

രണത്തിന് പുതിയ രൂപകൽപ്പന മാത്രം മതിയാകുന്നില്ല. ഭാവിയിൽ, ആസൂത്രണമില്ലാതെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് ഇവിടം നശിക്കാതെ സംരക്ഷിക്കാൻ ആവശ്യമായ ചട്ടങ്ങളും മാർഗനിർദേശങ്ങളും കൂടി ഉണ്ടാകേണ്ടത് അനിവാര്യമാണ്.

**കോട്ടപ്പുറം ചന്ത**





# കോട്ടപ്പുറം ചന്ത

**കോട്ടപ്പുറം ചന്തയുടെ പുനരുജ്ജീവന പദ്ധതി**

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ചന്തകളിൽ ഒന്നാണ് കോട്ടപ്പുറം ചന്ത. ഒരു കാലത്ത് വിദേശ വ്യാപാരത്തിന്റെ സിരാകേന്ദ്രമായിരുന്ന കോട്ടപ്പുറം ചന്ത, പൂർവ പ്രതാപത്തിന്റെ അലകളടങ്ങി, ചൈതന്യം നഷ്ടപ്പെട്ട്, ജീർണത ബാധിച്ച അവസ്ഥയിലാണ്. മുസിരിസ് പദ്ധതിയുടെ ഭാഗമായി നാട്ടുകാരുടെ സഹകരണത്തോടെ ചന്തയുടെ സാമ്പത്തിക പുനരുദ്ധാരണവും ടൂറിസം വികസനവും പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. കോട്ടപ്പുറം ചന്തയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണ് ഈ പുസ്തകത്തിൽ. പദ്ധതിയെക്കുറിച്ച് കടയുടമകൾക്കും നാട്ടുകാർക്കും തൊഴിലാളികൾക്കുമുള്ള നിർദേശങ്ങൾ പൊതു ചർച്ചയ്ക്ക് വിധേയമാക്കി അഭിപ്രായ രൂപീകരണത്തിനായി രൂപരേഖ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്.

മുസിരിസ് പൈതൃകപദ്ധതിക്കായി
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നത്